# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 06.10.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അഭിനന്ദനം രേഖപ്പെടുത്തി കേന്ദ്രമന്ത്രിസഭ. രാജ്യത്ത് സംയോജിത ഗതാഗത-ചരക്ക് നീക്ക അതോറിറ്റി രൂപീകരിക്കുന്നതിനും മന്ത്രിസഭയുടെ അംഗീകാരം .
2) ഒമാൻ തീരത്ത് വാണിജ്യക്കപ്പലിന് നേരെയുണ്ടായ വ്യോമാക്രമണത്തെ അപലപിച്ച് ഇന്ത്യ.
3) കേരളത്തിലെ തിരഞ്ഞെടുത്ത 30 കോളജുകളെ 'ഡ്രഗ് ഫ്രീ ക്യാമ്പസുകളായി' പ്രഖ്യാപിച്ച് എക്സൈസ് മന്ത്രി എം ലിജു.
4) ഭൗതികശാസ്ത്രത്തിനുള്ള 2026 ലെ നൊബേൽ പുരസ്കാരം പ്രശസ്ത ബെൽജിയൻ ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ഹാൾസണ്.

5) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യത.

6) ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് ലഖ്നൗവിൽ അൽപസമയത്തിനകം തുടക്കം

❁❁❁❁❁❁❁❁❁❁❁❁❁

ക്യാബിനറ്റ് (ഇൻട്രോ)

സംയോജിത ഗതാഗത-ചരക്ക് നീക്ക അതോറിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം . രാജ്യത്തെ ട്രാൻസ്പോർട്ട്-ലോജിസ്റ്റിക്സ് ആസൂത്രണത്തിനായുള്ള പരമോന്നത സമിതിയായി ഇത് പ്രവർത്തിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പത്ത് വർഷത്തേക്കുള്ള ദീർഘകാല ദേശീയ ഗതാഗത മാസ്റ്റർ പ്ലാൻ അതോറിറ്റി തയ്യാറാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ ഓഹരി നിക്ഷേപം നടത്തുന്നതിനായി 10,000 കോടി രൂപയുടെ സംരംഭ വളർച്ചാ ഫണ്ട് രൂപീകരിക്കാനും കേന്ദ്ര മന്ത്രിസഭ അനുമതി നൽകി.

(വോയിസ് )

പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ചുകൊണ്ടുള്ള പ്രമേയവും കേന്ദ്ര മന്ത്രിസഭ ഇന്ന് പാസാക്കി. 2001 ഒക്ടോബർ 7-നാണ് ഗുജറാത്ത് മുഖ്യമന്ത്രിയായി അദ്ദേഹം ചുമതലയേറ്റത്.

**വിദേശകാര്യ മന്ത്രാലയം**

പനാമ പതാക വഹിച്ച വാണിജ്യക്കപ്പലിന് നേരെ ഒമാൻ തീരത്തുണ്ടായ വ്യോമാക്രമണത്തെ അപലപിച്ച് ഇന്ത്യ. ഹോർമുസ് കടലിടുക്കിലേക്ക് പോകുകയായിരുന്ന കപ്പലിൽ 17 ഇന്ത്യക്കാരുൾപ്പെടെ 19 ജീവനക്കാരാണുള്ളത്. ഇതിൽ 12 പേർക്ക് പരിക്കേറ്റതായും, ഒമാൻ അധികൃതരുടെ സഹായത്തോടെ ഇവർക്ക് ചികിത്സ ഉറപ്പുവരുത്തിയതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## മന്ത്രി എം. ലിജു

യുവതലമുറ ജീവിതത്തിലെ അവസരങ്ങളെ ലഹരിയാക്കണമെന്നും ലഹരിവസ്തുക്കൾ ജീവിതത്തിന്റെ ഭാഗമാക്കരുതെന്നും എക്സൈസ് വകുപ്പ് മന്ത്രി എം. ലിജു. കേരളത്തിലെ തിരഞ്ഞെടുത്ത 30 കോളജുകളെ 'ഡ്രഗ് ഫ്രീ ക്യാമ്പസുകളായി' പ്രഖ്യാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. എക്സൈസ് വകുപ്പും കോളേജ് വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന 'മയങ്ങില്ല കേരളം' ക്യാമ്പയിനോടനുബന്ധിച്ചായിരുന്നു ഡ്രഗ് ഫ്രീ ക്യാമ്പസ് പ്രഖ്യാപനം

## നെല്ല് സംഭരണം

കഴിഞ്ഞ സീസണിൽ കരാറിലേർപ്പെട്ടതും നിശ്ചിതസമയത്തിനകം നെല്ല് കുത്തൽ പൂർത്തിയാക്കാൻ കഴിയാത്തതുമായ മില്ലുകളുമായി കരാറിൽ ഏർപ്പെടാൻ

സപ്ലൈകോയ്ക്ക് നിബന്ധനകളോടെ അനുമതി നൽകിയതായി മന്ത്രി അനൂപ് ജേക്കബ് . കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ബന്ധപ്പെട്ട ഒരോ മില്ലിലും ലഭ്യമായ നെല്ലിന്റെ സ്റ്റോക്ക്, കരാറിൽ ഏർപ്പെടുംമുമ്പ് സപ്ലൈകോ ഉദ്യോഗസ്ഥർ പരിശോധിച്ചു വിലയിരുത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**സപ്ലൈകോ ഗോ-ഇൻട്രോ)**

ജനത്തിരക്കുള്ള കേന്ദ്രങ്ങളിൽ സപ്ലൈകോ ആരംഭിക്കുന്ന പുതിയ കൺവീനിയൻസ് സ്റ്റോർ 'സപ്ലൈകോ ഗോ' ശൃംഖലയിലെ ആദ്യ സ്റ്റോർ നാളെ കൊച്ചി വൈറ്റില മൊബിലിറ്റി ഹബ്ബിൽ പ്രവർത്തനമാരംഭിക്കും. മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഷംസുദ്ദീൻ**

ഗണിതശേഷിയിലും ഭാഷാവിജ്ഞാനത്തിലും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണ ഉറപ്പുവരുത്തുന്ന റിവൈവ് പദ്ധതി സംസ്ഥാനത്തെ വിദ്യാർഥികൾക്ക് മുതൽക്കൂട്ടാകുമെന്ന് മന്ത്രി എൻ ഷംസുദ്ദീൻ. ഭാഷാ-ഗണിത ശേഷികൾ മെച്ചപ്പെടാതെ ഒരു കുട്ടിയെയും ഇനി ഏഴാം ക്ലാസിലേക്ക് ജയിപ്പിച്ചു വിടില്ലെന്നും പദ്ധതിയുടെ സംസ്ഥാനതല സാക്ഷാത്കാര പ്രഖ്യാപനം തിരുവനന്തപുരം പട്ടം സെന്റ് മേരീസ് എച്ച് എസ് എസിൽ നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.

## നൊബേൽ പുരസ്കാരം

ഭൗതികശാസ്ത്രത്തിനുള്ള 2026 ലെ നൊബേൽ പുരസ്കാരം പ്രശസ്ത ബെൽജിയൻ ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ഹാൾസണ്. പ്രപഞ്ചപഠനത്തിന് പുതുവഴികൾ തുറന്ന്, ദക്ഷിണധ്രുവത്തിൽ ഐസ്ക്യൂബ് ന്യൂട്രിനോ ഒബ്സർവേറ്ററി നിർമിച്ചതും, ഉയർന്ന ഊർജ്ജമുള്ള

ന്യൂട്രിനോകളെ കണ്ടെത്തിയതും പരിഗണിച്ചതാണ് പുരസ്കാരം.

## സേവ സങ്കൽപ്

യുപിഐ സേവനങ്ങൾ രാജ്യത്ത് വരുത്തിയ മാറ്റങ്ങളെക്കുറിച്ചാണ്, പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ആകാശവാണി അവതരിപ്പിക്കുന്ന ജൻ സേവ സേ, ദേശ് സേവ പ്രത്യേക പരമ്പരയിൽ ഇന്ന്. സുരക്ഷിതവും, ലളിതവുമായ പണമിടപാട് സൗകര്യം എല്ലാവർക്കും ലഭ്യമാക്കാൻ ലക്ഷ്യമിട്ടാണ് 2016 ഓഗസ്റ്റിൽ യുപിഐ സേവനം രാജ്യത്ത് നടപ്പാക്കിയത്. നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് ഈ സംവിധാനം വികസിപ്പിച്ചത്. 2025 ലെ കണക്കുകൾ പ്രകാരം ആഗോളതലത്തിലെ റിയൽടൈം പേയ്മെൻറുകളുടെ 49 ശതമാനവും യുപിഐ വഴിയാണ് നടക്കുന്നത്. നിലവിൽ 11 രാജ്യങ്ങളിൽ യുപിഐ സേവനം ലഭ്യമാണ്.

## സേവാ ജ്യോതി യാത്ര

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 25 വർഷത്തെ പൊതു സേവനത്തിൻ്റെ ഭാഗമായി ബിജെപി സംഘടിപ്പിക്കുന്ന സേവാ ജ്യോതി യാത്ര കോട്ടയം പൊൻകുന്നം KSRTC ജംഗ്ഷനിൽ നാളെ നടക്കും. യാത്രയിൽ പങ്കെടുക്കുന്ന പ്രവർത്തകരെ പ്രധാനമന്ത്രി നരേന്ദ്രമോദി വെർച്വലായി അഭിസംബോധന ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## ആർ. സുഗതൻ

കാപ്പ പ്രകാരമുള്ള കരുതൽ തടങ്കൽ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിലെ ബിജെപി കൗൺസിലർ ആർ. സുഗതൻ വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും പുറത്തിറങ്ങി. ജില്ലാ കളക്ടറുടെ ഉത്തരവാണ് ജസ്റ്റിസുമാരായ അനിൽ കെ. നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരടങ്ങിയ ബെഞ്ച് റദ്ദാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

**.കെഎസ്ആർടിസി കാർഗോ സർവീസ്**

കെഎസ്ആർടിസി വിജയകരമായി നടത്തിവരുന്ന ലോജിസ്റ്റിക് സംവിധാനം കൂടുതൽ വിപുലീകരിക്കുന്നതിൻറെ ഭാഗമായി കാർഗോ സേവനങ്ങൾ കൂടി ആരംഭിക്കുന്നു. മന്ത്രി സിപി ജോൺ നാളെ തിരുവനന്തപുരം ഡൊമസ്റ്റിക് എയർപോർട്ട് കാർഗോ ടെർമിനലിൽ ഫ്ലാഗ് ഓഫ് നിർവഹിക്കും.

**അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ (ഇൻട്രോ)**

അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ' നാളെ കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ആരംഭിക്കും. അഞ്ച് ദിവസങ്ങളിലായി നടക്കുന്ന സംഗീതോത്സവത്തിൽ എല്ലാ ദിവസവും വൈകിട്ട് ഏഴുമുതൽ സംഗീതപരിപാടികൾ അരങ്ങേറും.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ........**

**(വോയിസ്)**

## ശബരിമല

ശബരിമല സന്നിധാനത്ത് ഭക്തർക്ക് റൂം ബുക്ക് ചെയ്യാനുള്ള സൗകര്യം പൂർണ്ണമായും ഓൺലൈനാകുന്നു . തുലാമാസ പൂജ മുതൽ ദിവസവും 400 റൂമുകൾ ഓൺലൈനായി ബുക്ക് ചെയ്തു ഉപയോഗിക്കാം. ശബരി ഗസ്റ്റ് ഹൗസിലും ഇനിമുതൽ ഓൺലൈനായി പത്തു റൂമുകൾ ബുക്ക് ചെയ്യാനാകും.

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

## സ്കൂൾ ഓഡിറ്റോറിയം തകർന്നു

ശക്തമായ കാറ്റിലും മഴയിലും പെരുമ്പാവൂരിനടുത്തുള്ള ഗവ. വി.എച്ച്.എസ്.എസ് ഓടക്കാലിയിലെ സ്കൂളിൻറെ ഓപ്പൺ എയർ ഓഡിറ്റോറിയം തകർന്നുവീണു . സ്കൂൾ വിട്ട് വിദ്യാർഥികളെല്ലാം മടങ്ങിയതിനാൽ വലിയ അപകടം ഒഴിവായി.

## ടി20 ക്രിക്കറ്റ്

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ലക്നൗവിൽ രാത്രി 7 ന് കളി ആരംഭിക്കും. ടോസ് നേടിയ ഇന്ത്യ ബൗളിങ്ങ് തിരഞ്ഞെടുത്തു. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

## ഓഹരി /സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 685 പോയിൻറും, നിഫ്റ്റി 220 പോയിൻറും നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 280 രൂപയും ഗ്രാമിന് 13,660 രൂപയുമാണ് ഇന്നത്തെ വില.